പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1741 | 07.03.2018 ൽ മറുപടിക്ക്

## സർക്കാർ ആശുപത്രികൾക്ക് ഗ്രേഡിങ് സമ്പ്രദായം

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്ക് ഗ്രേഡിങ് സമ്പ്രദായം കൊണ്ടുവരാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം ആശുപത്രികൾക്കാണ് ആദ്യഘട്ടത്തിൽ ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; | (എ)<br>(ബി)<br>&<br>(സി) | കേരളത്തിലെ ആതുര ചികിൽസാ കേന്ദ്രങ്ങൾക്ക് ഗുണനിലവാരം നൽകാൻ പര്യാപ്തമായ നിശ്ചിത മാനദണ്ഡങ്ങളുടെ ഏറ്റവും ചുരുങ്ങിയ നിലവാരം നിശ്ചയിച്ച് മെച്ചപ്പെട്ട ആരോഗ്യ സേവനം ഉറപ്പാക്കുന്നതിനു വേണ്ടി രൂപീകൃതമായ 2018 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് പ്രകാരം രൂപീകരിക്കുന്ന ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ സ്വകാര്യ മേഖലയിലുൾപ്പടെ ഓരോ ആരോഗ്യ ചികിത്സാ കേന്ദ്രത്തിനും ഏറ്റവും ചുരുങ്ങിയ മാനദണ്ഡം നിശ്ചയിക്കുന്നതാണ്. നിർദ്ദിഷ്ട ചട്ടം പ്രാബല്യത്തിൽ വരുന്നതോടെ വിവിധ ആശുപത്രികളെ ശ്രേണീവല്ക്കരിക്കാൻ കഴിയുന്നതാണ്. നിലവിൽ ഗ്രേഡുകൾ നിശ്ചയിച്ചിട്ടില്ല. |
| (ബി) | ഗ്രേഡിങ് സമ്പ്രദായം കൊണ്ടുവരുന്നതിലൂടെ ഏതൊക്കെ തരത്തിലുള്ള മാറ്റങ്ങളാണ് ആശുപത്രികളിൽ ഉണ്ടാകാൻ പോകുന്നത് എന്നറിയിക്കാമോ ; | | |
| (സി) | സ്വകാര്യ ആശുപത്രികളെ കൂടി ഇതിൽ ഉൾപ്പെടുത്തുന്നതിനെ കുറിച്ച് ആലോചിച്ചിട്ടുണ്ടോ? | | |

സെക്ഷൻ ഓഫീസർ